ഉത്തരം

(എ) ദത്തെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും

63 (2186) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിനുള്ളതെന്ന് അറിയിക്കാമോ ;

(ബി) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പേരിൽ മാറ്റം വരുത്തുന്നതിന് ഗവൺമെന്റ് ഹൈസ്കൂൾ എന്നതിനുപകരം പഞ്ചായത്ത് ഹൈസ്ക്കൂൾ, മുനിസിപ്പൽ ഹൈസ്ക്കൂൾ എന്ന നിലയിൽ മാറ്റാൻ അനുവാദം നൽകുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 3,4,5 പട്ടികകൾ പ്രകാരം അതത് സ്ഥലത്തെ സർക്കാർ പ്രീ-പ്രൈമറി സ്ക്കൂളുകളുടെയും പ്രൈമറി സ്കൂളുകളുടേയും നടത്തിപ്പ് ഗ്രാമ പഞ്ചായത്തിനും സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തിനും സർക്കാർ ഹൈസ്കൂളുകൾ, അവയോടനുബന്ധിച്ചുള്ള ലോവർ-അപ്പർ പ്രൈമറി വിഭാഗങ്ങൾ, സർക്കാർ ഹയർ സെക്കന്ററി സ്ക്കൂളുകൾ, സാങ്കേതിക സ്കൂളുകൾ, തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകൾ, പോളിടെക്നിക്കുകൾ, വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമുള്ള ജില്ലാ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനുമാണ്. നഗരപരിധിയിൽ വരുന്ന മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ അതതു സ്ഥലത്തെ നഗരസഭകളുടെ നിയന്ത്രണത്തിലുമാണ്. ഇവയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളുമാണുള്ളത്.

1. മേൽപ്പറഞ്ഞ സ്കൂളുകളുടെ നിയന്ത്രണം.
2. സർക്കാർ സ്കൂളുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
3. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക.
4. പ്രീ പ്രൈമറി സ്കൂളുകളും വ്യാവസായിക പരിശീലന കേന്ദ്രങ്ങളും നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

5. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക.

6. അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റ് സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക.

7. ഗ്രാമീണ വായനശാലകളുടെ നിയന്ത്രണവും മേൽനോട്ടവും.

8. ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും ആ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9. നിലത്തെഴുത്താശാൻമാർക്ക് ഗ്രാന്റുകൾ നൽകുക.

10. സ്കൂളുകളിൽ കായിക-സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

11. ഗ്രാമീണ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പട്ടിക 5 പ്രകാരം അതതു സ്ഥലത്തെ സർക്കാർ ഹൈസ്കൂളുകളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനും നഗരപരിധിയിലാണെങ്കിൽ അതതു സ്ഥലത്തെ നഗരസഭകളുടെ നിയന്ത്രണത്തിലുമാണ്. പേരുമാറ്റുന്നതിന് ഇതുപ്രകാരം പ്രത്യേക ഉത്തരവുകളുടെ ആവശ്യമില്ല. ആക്ടിൽ ഇതിന് വ്യവസ്ഥയുണ്ട്.

അവിശ്വാസ പ്രമേയം വഴി അധികാരത്തിൽ നിന്ന് ഒഴിയേണ്ടിവന്ന ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ

64 (2187) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര പ്രസിഡന്റ്/ചെയർമാൻ/ചെയർപേഴ്സൺ എന്നിവരെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) അവിശ്വാസപ്രമേയം വഴി അധികാരത്തിൽ നിന്ന് ഒഴിയേണ്ടിവന്ന ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പൽ കൗൺസിലുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) കൂറുമാറ്റ നിരോധനനിയമം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ബാധകമാണോ, എങ്കിൽ എത്ര അംഗങ്ങളുടെ പേരിൽ കൂറുമാറ്റ നിരോധന നിയമം ബാധകമാക്കി ആയോഗ്യരാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly